നമ്പർ. സി.ജി. (1) 31903/2004.

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം. 28.7.2005

സർക്കുലർ നമ്പർ. 25/2005

വിഷയം:-പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും അംഗങ്ങൾക്ക് നൽകുന്ന വിവിധ ഇനം വായ്പകൾക്കും ജില്ലാ സഹകരണ ബാങ്കിൽ നിന്നും അതേ ആവശ്യത്തിന് പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്ക് നൽകുന്ന വായ്പകൾക്കുമുള്ള ഓഹരി അനുപാതം ക്രമീകരിക്കുന്നത് സംബന്ധിച്ച്.

സൂചന:-സഹകരണസംഘം രജിസ്ട്രാറുടെ 2.4.2002-ലെ 11/2002-ാം നമ്പർ സർക്കുലർ

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ. ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ എന്നിവയിൽ നിന്നും അംഗങ്ങൾക്ക് നൽകാവുന്ന വിവിധ ഇനം വായ്പകളുടെ പരിധിയും, ഓഹരി അനുപാതവും പുതുക്കി നിശ്ചയിച്ചുകൊണ്ട് 3.1.2000 നമ്പർ സർക്കുലർ നിർദേശം സഹകരണസംഘം രജിസ്ട്രാർ പുറപ്പെടുവിക്കുകയും തുടർന്ന് ടി സർക്കുലർ പ്രകാരം നിശ്ചയിച്ചിട്ടുള്ള ഓഹരി അനുപാതം ജില്ലാ സഹകരണ ബാങ്കിൽ നിന്നും പ്രാഥമിക സംഘങ്ങളെടുക്കുന്ന വായ്പകൾക്കും ബാധകമാക്കിക്കൊണ്ട് സൂചനയിലെ സർക്കുലറിലൂടെ വീണ്ടും നിർദേശം പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ ചില ജില്ലാ സഹകരണ ബാങ്കുകൾ പ്രസ്തുത നിർദേശം നടപ്പിലാക്കിയിട്ടില്ല എന്ന് ഈ ആഫീസിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ താഴെ പറയും പ്രകാരം നിർദേശം പുറപ്പെടുവിക്കുന്നു.

ഓഹരി അനുപാതം ഏകീകരിച്ചുകൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ നിർദേശങ്ങൾ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്ന എല്ലാതരം സഹകരണ സംഘങ്ങൾക്കും ബാധകമാണ്. ടി നിർദേശങ്ങൾ നടപ്പിലാക്കാൻ ജില്ലാ ബാങ്കുകൾ ആയത് ഉടനടി നടപ്പിലാക്കേണ്ടതാണ്.

ഒപ്പ്

കെ. കേശവൻ

സഹകരണസംഘം രജിസ്ട്രാർ (ഇൻ-ചാർജ്)

1. ജനറൽ മാനേജർ. എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും
2. എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും, (ജോയിന്റ് രജിസ്ട്രാർ മുഖേന)

പകർപ്പ്:-

1. എല്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർമാർക്കും. (ജനറൽ ആന്റ് ആഡിറ്റ്)
2. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും. (ജനറൽ ആന്റ് ആഡിറ്റ്) ജോയിന്റ് രജിസ്ട്രാർ മുഖേന
3. സഹകരണ വകുപ്പ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറി (ഉപരിപത്രം സഹിതം)
4. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന  സഹകരണ ബാങ്ക്
5. എഡിറ്റർ, സഹകരണ വീഥി
6. എഡിറ്റർ, സഹകരണ ജേർണൽ
7. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
8. സ്റ്റോക്ക് ഫയൽ